സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ: എം. അഞ്ജന ഐ എ എസ് )

ഉത്തരവ് നംSJD/3600/2020-C4

തിരുവനന്തപുരം,
തീയതി. 08/03/2022

---

വിഷയം: സാമൂഹ്യനീതി വകുപ്പ്-ട്രാൻസ്ജെൻഡർക്ഷേമം-ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്കുള്ള 2021-22 അധ്യയനവർഷത്തെ സ്കോളർഷിപ്പ് അനുവദിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1)സ ഉ(സാ ധാ)നം.402/2021 സാ നീ വ.തീയതി 07/06/2021
2)ഈ കാര്യായത്തിലെ 16.07.2021, 26.08.2021, 26.10.2021, 28.11.2021,03.01.2022,28.01.2022 എന്നീ തീയതികളിലെ മേൽ നമ്പർ ഉത്തരവ്

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസമേഖലയിൽ കൂടുതൽ പരിഗണന നൽകുന്നതിന്റെ ആവശ്യകത വിലയിരുത്തി നിരവധി പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അടിസ്ഥാന വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ കഴിയാതെ നിരവധി ട്രാൻസ്ജെൻഡർ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിരുന്നു . പ്രസ്തുത കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും, പൊതുവിൽ ഒറ്റപ്പെട്ട് കഴിയുന്നതുമായ ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിലെ മുഖ്യ ധാരയിൽ എത്തിക്കുന്നതിന് സംസ്ഥാനത്തെ സർക്കാർ /സർക്കാർ എയ്ഡഡ്/ സെൽഫ് ഫിനാൻസ് വിദ്യാലയങ്ങളിൽ ഏഴാം ക്ലാസ് മുതൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് നടപ്പ് സാമ്പത്തിക വർഷം സ്കോളർഷിപ്പ് പദ്ധതി തുടരുന്നതിനും ആയതിലേക്ക് 6,00,000/- രൂപ ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി വകയിരുത്തിയിട്ടുള്ള ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

7 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് പ്രതിമാസം 1000/- രൂപയും പ്ലസ് വൺ പ്ലസ് ടു ക്ലാസ്സുകളിലെ വിദ്യാർഥികൾക്ക് പ്രതിമാസം 1500/- രൂപയും ഡിഗ്രി/ഡിപ്ലോമ/ പ്രൊഫഷണൽ ക്ലാസുകളിൽപഠിക്കുന്ന വിദ്യാർഥികൾക്ക് പ്രതിമാസം 2000/- രൂപയും വീതം 10 മാസത്തേക്കാണ് സ്കോളർഷിപ്പ് അനുവദിച്ചു വരുന്നത് . ഇപ്രകാരം 2021-22 സാമ്പത്തികവർഷം 28 വിദ്യാർത്ഥികൾക്ക് പരാമർശം (2)പ്രകാരം 5,6 0,000/-രൂപ നടപ്പുസാമ്പത്തിക വർഷം അനുവദിച്ചു നൽകിയിരുന്നു.

നിലവിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിൽ ബിരുദപഠനം

നടത്തിവരുന്ന 6 ട്രാൻസ്ജെൻഡർ വിദ്യാർഥികൾ കൂടി പ്രസ്തുത സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് .

**ലഭ്യമായ അപേക്ഷകളുടെ വിവരങ്ങൾ**

| SL NO | NAME | COLLEGE/INSTITUTION | COURSE |
|---|---|---|---|
| 1 | CHARUNETHRA V S | SRI.ACHUTHA MENON GOVT.COLLEGE, THRISSUR | BA HISTORY (THIRD YEAR) |
| 2 | JIJIN PAUL P | COLLEGE OF FINE ARTS, THIRUVANANTHAPURAM | BACHELOR OF FINE ARTS (FIRST YEAR) |
| 3 | YADHAV S R | THE CHAPTER COLLEGE ,KOLLAM | BCOM (FIRST YEAR) |
| 4 | JENIFER CLEETUS | N S S ARTS COLLEGE FOR WOMEN, PERUNTHANNI, TVM | B COM (THIRD YEAR) |
| 5 | AKHIL K K | PMS DENTAL COLLEGE, VATTAPARA, THIRUVANANTHAPURAM | IV YEAR BDS |
| 6 | SONA M S | AZHARUL ULOOM COLLEGE, ALUVA | I YEAR BA ENGLISH |

പ്രസ്തുത അപേക്ഷകൾ പരിശോധിച്ചതിൽനിന്നും ടി 6 വിദ്യാർഥികൾ പ്രസ്തുത സ്കോളർഷിപ്പിന് അർഹരാണെന്ന് കാണുന്നു. ആയതിനാൽ 6 ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ 10 മാസത്തേക്ക് ഒരു വിദ്യാർത്ഥിക്ക് 20,000/- രൂപ വീതം ആകെ 1,20,000/-രൂപ അനുവദിച്ച് നൽകേണ്ടതുണ്ട് . ആയതിലേക്ക് അധികമായി ആവശ്യമുള്ള 80,000 രൂപ, എല്ലാ ട്രാൻസ്ജെൻഡർ ക്ഷേമപദ്ധതികൾക്കുമായി നടപ്പ സാമ്പത്തിക വർഷം അനുമതി ലഭ്യമായിട്ടുള്ള **1,24,00,000/-** രൂപയിൽ വിവാഹ ധനസഹായം കമ്പോണെന്റിൽ ചിലവഴിക്കപ്പെടാത്ത 3 ലക്ഷം രൂപയിൽ നിന്നും അനുവദിക്കാവുന്നതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ നടപ്പ സാമ്പത്തിക വർഷം ചുവടെ ചേർത്തിട്ടുള്ള 6 ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് 2021-22 അധ്യയന വർഷത്തേക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ പ്രതിമാസം 2000/- രൂപ നിരക്കിൽ 10 മാസത്തേക്ക് **1,20,000/-രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)**അനുവദിച്ച

ഉത്തരവാകുന്നു. മേൽ തുക 1,20,000/-രൂപ സാ.നീ ഡയറക്ടറേറ്റിൽ നിന്നും ചുവടെ പട്ടികയിൽ ചേർത്തിട്ടുള്ള വിദ്യാർഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്.

| SL NO | NAME | NAME IN BANK PASS BOOK | AMOUNT | ACCOUNT NUMBER | IFSC | BANK NAME | BRANCH |
|---|---|---|---|---|---|---|---|
| 1 | CHARU NETHRA V S | CHARU NETHRA V S | 20000/- | 38869884886 | SBIN0008606 | STATE BANK OF INDIA | CHERPU |
| 2 | JIJIN PAUL P | JIJIN PAUL P | 20000/- | 2943131000202 | CNRB0002943 | CANARA BANK | TRIVANDRUM AIRPORT |
| 3 | YADHAV S R | PRIMAS PARAMARTH | 20000/- | 40639101067905 | KLGB0040639 | KERALA GRAMIN BANK | BHARANIKKAVU |
| 4 | JENIFER CLEETUS | JENIFER CLEETUS | 20000/- | 33190612012 | SBIN0004237 | STATE BANK INDIA | VALIATHURA |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | AKHIL K K | AKHIL K K | 20000/- | 2607108009009 | CNRB0002607 | CANARA BANK | VAZHUTHACAUD |
| 6 | SONA M S | SONA M S | 20000/- | 39834741158 | SBIN0070637 | STATE BANK INDIA | VALANCHERRY |

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-64(P)ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**M. ANJANA IAS**
സാമൂഹ്യനീതി ഡയറക്ടർ

<u>ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക്</u>

<u>പകർപ്പ് :</u>

1. സൂപ്രണ്ട് എ/ബി സെക്ഷൻ
2. സബ് ട്രഷറി,വികാസ് ഭവൻ
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്